**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2584** | **27-02-2023 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുന്നുണ്ടോ; | (എ) | കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 10.5 ലക്ഷം പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരമായി ഊർജ്ജക്ഷമതയുള്ള LED ലൈറ്റുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലാവ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതിൻ പ്രകാരം IT മിഷൻ വഴി രൂപപ്പെടുത്തിയ നിലാവ് പോർട്ടൽ മുഖാന്തിരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യകത രേഖപ്പെടുത്തി കെ.എസ്.ഇ.ബി.എൽ-മായി സംയുക്ത സ്ഥലപരിശോധന നടത്തി പ്രായോഗികതയുടെ അടിസ്ഥാനത്തിൽ EESL എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി വാങ്ങി LED വിളക്കുകൾ സ്ഥാപിച്ചുവരുന്നു. നിലവിൽ ബൾബുകൾക്കും, അനുബന്ധ സാധനസാമഗ്രികൾക്കും SPV ആയ കെ.എസ്.ഇ.ബി.എൽ പർച്ചേസ് ഓർഡർ നൽകുകയും ആയതിൽ 3,62,548 ബൾബുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിപൂർണ സമ്മതവും സഹായവും ഇല്ലാത്തതിനാൽ 9452 ബൾബുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ പോർട്ടലിന്റെ സാങ്കേതിക തടസ്സങ്ങൾ കാരണം കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ച 3,62,548 ബൾബുകളിൽ 3,11,305 എണ്ണം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചിട്ടുള്ളൂ. തുടർന്നുള്ള ആവശ്യകത രേഖപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) | സംസ്ഥാനത്തെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതിയ്ക്ക് കീഴിൽ വന്നിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ 695 പഞ്ചായത്തുകളും 48 മുനിസിപ്പാലിറ്റികളും ആണ് നിലാവ് പദ്ധതിക്ക് കീഴിൽ വന്നിട്ടുള്ളത്. |
| (സി) | കേടാവുന്ന ബൾബുകൾക്ക് പകരം ബൾബുകൾ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള | (സി) | നിലാവ് പദ്ധതിയിലെ കേടായ LED സ്ട്രീറ്റ് ലൈറ്റുകൾ അഴിച്ച് പരിശോധിച്ച കേടുപാടുകൾ തീർത്ത് പുനഃസ്ഥാപിക്കുകയാണ് നിലവിൽ ചെയ്യു |

| | | | |
|---|---|---|---|
| | പ്രതിസന്ധികൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | വരുന്നത്. ബൾബുകൾ കേടാവുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയവ അഴിച്ച് ബന്ധപ്പെട്ട കെ.എസ്.ഇ.ബി.എൽ സ്റ്റോറുകളിൽ എത്തിക്കാൻ വൈകുന്നത് മൂലം കാലതാമസം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | കാലതാമസം പരിഹരിക്കുന്നതിനായി പകരം സംവിധാനം ഏർപ്പെടുത്താൻ നിലാവ് പദ്ധതിയിലെ സാധന സാമഗ്രികളുടെ വിതരണക്കാരായ EESL-നു നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ